# ചെറുപുഷ്പമിഷൻലീഗ് അംഗീകൃത മുദ്രാവാക്യങ്ങൾ

ജയ്ജയ് മിഷൻലീഗ്
ജയ്ജയ് ചെറുപുഷ്പം
ജയ്ജയ് സെന്റ്. തോമസ്
ജയ്ജയ് സെന്റ്. സേവ്യർ
ജയ്ജയ് അൽഫോൻസാമ്മ

തെക്ക് തെക്കൊരു ദേശത്ത്
മീനച്ചിലാറിൻ തീരത്ത്
ഭരണങ്ങാനം ദേശത്ത്
പൊട്ടിമുളച്ചൊരു സംഘടന
പുണ്യപുരാതന ഭാരതഭൂവിൽ
വളർന്നു പടർന്നൊരു സംഘടന
അതാണു നമ്മുടെ സംഘടന
സി.എം.എൽ സംഘടന

സ്നേഹം, ത്യാഗം, സേവാ സഹനം
മിഷൻലീഗിൻ മുദ്രാവാക്യം
ജയ്ജയ് മിഷൻലീഗ്
ജയ്ജയ് സി.എം.എൽ

പ്രേഷിതധന്യൻ തോമാശ്ലീഹാ
രക്തം ചിന്തിയ ഈ മണ്ണിൽ
സ്നേഹരാജ്യം സ്ഥാപിക്കാൻ
വരുന്നു ഞങ്ങൾ പ്രേഷിതരായ്
വരുന്നു ഞങ്ങൾ അണിയണിയായ്
ജയ്ജയ് മിഷൻലീഗ്
ജയ്ജയ് സി.എം.എൽ

ഈശോ നമ്മുടെ നേതാവ്
തിരുസഭ നമ്മുടെ മാതാവ്
സ്വർഗ്ഗം നമ്മുടെ തറവാട്
സ്നേഹം നമ്മുടെ പരിപാടി
അടിവച്ചടിവച്ചണിയണിയായ്
മുന്നോട്ട് മുന്നോട്ട് സോദരരേ

ഉയരട്ടങ്ങനെ ഉയരട്ടെ
ചെമ്മഞ്ഞക്കൊടി ഉയരട്ടെ
പാറട്ടങ്ങനെ പാറട്ടെ
ചെമ്മഞ്ഞക്കൊടി പാറട്ടെ
ജയിക്കട്ടങ്ങനെ ജയിക്കട്ടെ
ക്രിസ്തുരാജൻ ജയിക്കട്ടെ
വളരട്ടങ്ങനെ വളരട്ടെ
ദൈവരാജ്യം വളരട്ടെ

പ്രേഷിതധന്യൻ സെന്റ് തോമസ്
ഞങ്ങൾക്കേകിയ ദീപശിഖ
തമുറ തലമുറ കൈമാറി
കെടാതെ ഞങ്ങൾ സൂക്ഷിക്കും
ജയ്ജയ് മിഷൻലീഗ്
ജയ്ജയ് സി.എം.എൽ

ആയിരമായിരം റോസാപ്പൂക്കൾ
ഒന്നിച്ചൊന്നായ് വിടരുമ്പോൾ
ആമോദത്താൽ ഞങ്ങൾ വിളിക്കും
ആഹ്ലാദത്താൽ ഞങ്ങൾ വിളിക്കും
ജയ്ജയ് മിഷൻലീഗ്

ആയിരമായിരം രക്തസാക്ഷികൾ
ചുടുനിണമേകിയ വിശ്വാസം
സംരക്ഷിക്കാൻ വ്യാപിപ്പിക്കാൻ
വരുന്നു ഞങ്ങൾ അണിയണിയായ്
വരുന്നു ഞങ്ങൾ പടയണിയായ്
ഇല്ല ഞങ്ങൾ പിന്നോട്ട്
ഓരോ അടിയും മുന്നോട്ട്
ജയ്ജയ് മിഷൻലീഗ്

ഏഴുപതിറ്റാണ്ടനവരതം
ഭാരതസഭയിൽ പ്രേഷിതരായ്
നിറഞ്ഞുനിന്നൊരു സംഘടന
അതാണതാണീ മിഷൻലീഗ്

ആയിരമായിരം ദൈവവിളിക്ക്
അവസരമേകിയ സംഘടന
സഭയുടെ പ്രേഷിത മുന്നേറ്റത്തിൽ
പടയണിചേരും സംഘടന
ആശംസകളും പ്രാർത്ഥനയും
ഏറ്റുവളർന്നൊരു സംഘടന
അതാണതാണീ മിഷൻലീഗ്

കാൽവരിമലയുടെ വിരിമാറിൽ
മിശിഹാ ചിന്തിയ തിരുരക്തം
നമ്മുടെ സിരകളിലൊഴുകുമ്പോൾ
ഇല്ല ഞങ്ങൾ പിന്നോട്ട്
ധീരതയോടെ മുന്നോട്ട്
ഓരോ അടിയും മുന്നോട്ട്

ചെറുപുഷ്പത്തിൻ ശൈലിയിലൂടെ
ഭാരതരക്ഷ സ്വപ്നംകണ്ട്
ഭാരതനാടിൻ വിരിമാറിൽ
പുളകംചാർത്തും ശക്തിയിതാ
പ്രേഷിതലക്ഷ പ്രവാഹമിതാ
വരുന്നു ഞങ്ങൾ നിരനിരയായ്
ജയ്ജയ് സി.എം.എൽ
ജയ്ജയ് മിഷൻലീഗ്

പ്രാർത്ഥനാശംസകളോടെ,

*ചെറുപുഷ്പമിഷൻലീഗ് തലശ്ശേരിഅതിരൂപത.*